"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് - കേരള സ്റ്റാർട്ടപ്പ് മിഷന്റെ 'ടെക്നോളജി ഇന്നൊവേഷൻ സോൺ' പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 7 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (ഐ.ടി-സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.251/2024/ITD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:-

1. 22/08/2024 തീയതിയിലെ സ.ഉ (സാധാ) നം.182/2024/വിസവ നമ്പർ ഉത്തരവ്
2. 31/08/2024 തീയതിയിലെ സ.ഉ (അച്ചടി) നം.76/2024/ധന നമ്പർ ഉത്തരവ്
3. പ്ലാൻ പ്രയോററ്റൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി 15.11.2024-ന് നടന്ന ചീഫ് സെക്രട്ടറിതല സമിതി യോഗത്തിന്റെ മിനിറ്റ്സ്.
4. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ 05/12/2024 തീയതിയിലെ K-SUM/251/2024 നമ്പർ കത്ത്

**ഉത്തരവ്**

കേരള സ്റ്റാർട്ടപ്പ് മിഷന്റെ പദ്ധതിയായ ടെക്നോളജി ഇന്നൊവേഷൻ സോൺ നടപ്പിലാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി "4859-02-004-99" എന്ന ശീർഷകത്തിൽ അനുവദിച്ച 20 കോടി രൂപയ്ക്ക് പരാമർശം 1 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം 2 പ്രകാരം 15/11/2024 ന് ചേർന്ന ചീഫ് സെക്രട്ടറിതല കമ്മിറ്റി 2024-25 സാമ്പത്തിക വർഷത്തിൽ ഐ.ടി വകുപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ ബഡ്ജറ്റ് വിഹിതത്തിന്റെ 50 ശതമാനമായി പരിമിതപ്പെടുത്തി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

3. ഇതിന്റെയടിസ്ഥാനത്തിൽ ചുവടെ ലഭ്യമാക്കിയിട്ടുള്ള പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയ വിശദമായ പ്രപ്പോസൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി പരാമർശം 4 ലെ കത്ത് പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്.

| പദ്ധതി | ഘടകങ്ങൾ | തുക ലക്ഷത്തിൽ |
|---|---|---|
| 'ടെക്നോളജി ഇന്നൊവേഷൻ | എമർജിംഗ് ടെക്നോളജി ഹബ്ബ് | 89 |
| | സാന്റ്‌വിച്ച് ബിൽഡിംഗ് | 329 |
| | ടെക്നോളജി ഇന്നവേഷൻ സോൺ വികസനം (ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ്, 10k ബിൽഡിംഗ്, | |

| | | |
|---|---|---|
| സോൺ (TIZ) | ചുറ്റുമതിൽ, യാർഡ് വികസനം) | 272 |
| | KSUM ലീപ് സെന്റർ | 10 |
| | ആകെ | **700** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒന്നിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവിലെ പൊതുവായ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ 'ടെക്നോളജി ഇന്നൊവേഷൻ സോൺ' പദ്ധതി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി "4859-02-004-99" എന്ന ശീർഷകത്തിൽ 7 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക പദ്ധതി ഘടകങ്ങൾ നോക്കാതെ ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്.

5. പരാമർശം 1, ലെ ഉത്തരവ് ഇപ്രകാരം ഭേദഗതിചെയ്യുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ടെക്നോപാർക്ക്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ട്രഷറി ഓഫീസർ, സബ് ട്രഷറി, കഴക്കൂട്ടം, തിരുവനന്തപുരം.

ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടേറിയറ്റ്

ധനകാര്യ വകുപ്പ്

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

വെബ് ആൻഡ് ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Rajesh G S

Date:28-12-2024 16:49:02